Draft #29 of File 22104/AD A1/1/2019/AD A 1 Approved by Registrar on 11-Aug-2025 08:59 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 22104/AD A1/1/എ ഡി എ 1/AD A 1 തീയതി: 11.08.2025

**സർക്കുലർ**

വിഷയം:- സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ 2025 - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പിൻറെ 06.08.2025-ലെ പരിപത്രം നം. 5/107/2025-GAD

ഇന്ത്യൻ സ്വാതന്ത്ര്യത്തിൻറെ എഴുപത്തിയെട്ടാം വാർഷികം ഏറ്റവും വർണ്ണാഭമായ രീതിയിൽ ആഘോഷിക്കേണ്ടതുണ്ട്. ഔദ്യോഗിക തലത്തിൽ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ സംസ്ഥാന സർക്കാർ ഓഫീസുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ സർവ്വകലാശാലകൾ/ കോളേജുകൾ/ സ്കൂളുകൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും പങ്കെടുക്കേണ്ടതാണെന്ന് സൂചന സർക്കുലർ പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയിലും ഈ വർഷത്തെ സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ സമുചിതമായും ആകർഷകമായും ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിൻറെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാല അങ്കണത്തിൽ 15.08.2025 വെള്ളിയാഴ്ച രാവിലെ 9.30-ന് ബഹു. വൈസ് ചാൻസലർ ദേശീയ പതാക ഉയർത്തുന്നതാണ്.

എല്ലാ സർവ്വകാലശാല ജീവനക്കാരും പ്രസ്തുത ചടങ്ങിലും ആഘോഷപരിപാടിയിലും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

<u>മാർഗ്ഗനിർദ്ദേശങ്ങൾ</u>

1. ദേശീയ പതാക ഉയർത്തുമ്പോൾ 2002-ലെ പതാക നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. ദേശീയഗാനം ആലപിക്കുമ്പോൾ എല്ലാവരും എഴുന്നേറ്റു നിൽക്കേണ്ടതാണ്.
3. നാഷണൽ സല്യൂട്ട് നൽകുമ്പോൾ യൂണിഫോമിലുള്ള എല്ലാ ഉദ്യോഗസ്ഥരും നിർബന്ധമായും സല്യൂട്ട് നൽകേണ്ടതാണ്.
4. പ്ലാസ്റ്റിക് കൊണ്ട് നിർമ്മിച്ച ദേശീയ പതാകകളുടെ ഉപയോഗം അനുവദനീയമല്ല.
5. ആഘോഷങ്ങളിലുടനീളം ഹരിത പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്.

ഒപ്പ്

**ഡോ.ബിസ്മി ഗോപാലകൃഷ്ണൻ**
രജിസ്ട്രാർ

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. പി.ആർ.ഒ./സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
5. നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

# സ്വാതന്ത്ര്യദിനാഘോഷം (15 ആഗസ്റ്റ് 2025)

**<u>സർവ്വകലാശാല ഭരണവിഭാഗ മന്ദിരത്തിന് മുന്നിൽ നടക്കുന്ന പതാക ഉയർത്തൽ ചടങ്ങ്</u>**

| | |
|---|---|
| 09.25 a.m. | ബഹു. വൈസ് ചാൻസലർ സെക്യൂരിറ്റി ഓഫീസറുടെ അകമ്പടിയോടെ എത്തിച്ചേരുകയും പവലിയനിൽ ഇരിക്കുകയും ചെയ്യുന്നു. |
| 09.28 a.m. | പരേഡ് കമാൻഡർ സെക്യൂരിറ്റി ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും സെക്യൂരിറ്റി ഓഫീസർ ബഹു. വൈസ് ചാൻസലർക്ക് റിപ്പോർട്ട് നൽകുകയും വൈസ് ചാൻസലറെ പതാക ഉയർത്തുന്നതിനായി ക്ഷണിക്കുകയും ചെയ്യുന്നു. ബഹു. വൈസ് ചാൻസലർ സെക്യൂരിറ്റി ഓഫീസറുടെ അകമ്പടിയോടെ പോഡിയത്തിലേക്ക് നടക്കുന്നു. |
| 09.30 a.m. | വൈസ് ചാൻസലർ പതാക ഉയർത്തുന്നു. ദേശീയഗാനം ആലപിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ദേശീയഗാനം ആലപിക്കുകയും ചെയ്യുന്നു. |
| 09.40 a.m. | സെക്യൂരിറ്റി ഓഫീസർ വൈസ് ചാൻസലറെ സുരക്ഷാ ഉദ്യോഗസ്ഥരുടെ പരേഡ് പരിശോധിക്കുന്നതിന് ക്ഷണിക്കുന്നു. വൈസ് ചാൻസലർ സെക്യൂരിറ്റി ഓഫീസറുടെ അകമ്പടിയോടെ സുരക്ഷാ ഉദ്യോഗസ്ഥരെ പരിശോധിക്കുകയും തിരികെ പവലിയനിലെത്തി സദസ്സിനെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. |
| 09.50 a.m. | പരേഡ് കമാൻഡർ സെക്യൂരിറ്റി ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുകയും സെക്യൂരിറ്റി ഓഫീസർ വൈസ് ചാൻസലറോട് പരേഡ് പിരിയുവാൻ അനുവാദം തേടുകയും പരേഡ് പിരിച്ചുവിടുകയും ചെയ്യുന്നു. |

Draft #29 of File 22104/AD A1/1/2019/AD A 1 Approved by Registrar on 11-Aug-2025 08:59 PM - Page 2